**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവൃത്തികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | **ആർ കെ ഐ പദ്ധതിയിൽ ഉൾപ്പെടുത്തി ഏനമാവ് റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിന് സിവിൽ പ്രവൃത്തികൾക്കായി 3.02 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 4.30 കോടി രൂപയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിന് സിവിൽ പ്രവൃത്തികൾക്കായി 2.30 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 2.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | ഏനമാവ് റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 4 തവണ മുൻയോഗ്യതാ നിർണ്ണയ പ്രകാരം ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരിക്കുകയും 5-ാം തവണ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ സർക്കാർ പരിശോധിച്ചു വരികയുമാണ്. |
| (സി) | തൃശ്ശൂർ ജില്ലയിലെ ഏകദേശം മുപ്പത്തയ്യായിരം ഏക്കർ വരുന്ന കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നാശം സംഭവിക്കുന്നത് തടയുന്നതിന് പ്രസ്തുത റെഗുലേറ്ററുകൾ നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ആയത് അടിയന്തരമായി നവീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം റെഗുലേറ്ററുകളുടെ പുനരുദ്ധാരണ പ്രവർത്തന ങ്ങൾ എത്രയും വേഗം പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ